<u>പതിനാലാം കേരള നിയമസഭ</u>
<u>പതിമൂന്നാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3040.** **07.12.2018 ൽ മറുപടിയ്ക്ക്**

## വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.അയിഷാ പോറ്റി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി പദ്ധതിയുടെ ഭാഗമായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി രൂപീകരിച്ചിട്ടുള്ളതാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'.<br>എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ 'വിമുക്തി' മിഷൻ സംഘടിപ്പിച്ചുവരുന്നു.<br>സ്കൂൾ കോളേജ് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വിമുക്തി മിഷൻ സംഘടിപ്പിക്കുന്ന പ്രചാരണ പ്രവർത്തനങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസി യുവാക്കളെ ഉൾപ്പെടുത്തി, കായിക ടീമുകൾ രൂപീകരിച്ച് പരിശീലനം നല്കി വരുന്നുണ്ട്.<br>ആദിവാസി ഊരുകളിൽ താമസിച്ച് വരുന്ന ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ വച്ച് പരിശീലനം നൽകി.<br>'ലഹരിക്കെതിരെ കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച്, കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു. ആയതിന്റെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾതല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ സംസ്ഥാന തലങ്ങളിൽ വോളിബാൾ മത്സരവും യുവാക്കൾക്കായി കബഡി, ഫുട്ബാൾ തുടങ്ങി വിവിധ കായിക മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള | (ബി) | കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പട്ടിക ചുവടെ |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | ചേർക്കുന്നു.<br>1. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം.<br>2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം.<br>3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട.<br>4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ.<br>5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം.<br>6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി.<br>7. താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം<br>8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ.<br>9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്.<br>10. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം<br>11. ബീച്ച് ആശുപത്രി, കോഴിക്കോട്.<br>12. ജനറൽ ഹോസ്പിറ്റൽ, കല്പറ്റ, വയനാട്.<br>13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.<br>14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നീലേശ്വരം, കാസർകോട്. |

(signature)

**സെക്ഷൻ ഓഫീസർ**